**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1160** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഹേമ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലയാള സിനിമാ മേഖലയിൽ സ്ത്രീകളുടെ സുരക്ഷയും അവകാശങ്ങളും ഉറപ്പാക്കാൻ സർക്കാർ നിയോഗിച്ച ഹേമ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വിശദീകരിക്കാമോ; | (എ) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിനാണ് 01.07.2017 ലെ സ.ഉ.(കൈ)നം. 16/2017/സാം.കാ.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. ഹേമ ചെയർപേഴ്സണായ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | ഹേമ കമ്മിറ്റി റിപ്പോർട്ട് കൈപ്പറ്റിയിട്ടും അതിന്റെ ശിപാർശകൾ നടപ്പാക്കുന്നതിൽ നിന്നും സർക്കാർ പിന്നോട്ട് പോകാനുണ്ടായ സാഹചര്യം എന്താണ്; വിശദാംശം നൽകുമോ; | (ബി) | റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിൽ നിന്ന് സർക്കാർ പിന്നോട്ടു പോയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സ്വീകരിച്ച നടപടികൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | മലയാള സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണാൻ ഹേമ കമ്മിറ്റി നൽകിയ ശിപാർശകൾ എത്രയും വേഗം നടപ്പിലാക്കുമോ; | (സി) | റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിൽ നിന്ന് സർക്കാർ പിന്നോട്ടു പോയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സ്വീകരിച്ച നടപടികൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (ഡി) | റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സ്ത്രീകളുടെ സുരക്ഷയും അവസരങ്ങളും ഉറപ്പുവരുത്താനും അവരിൽ നിയമപരമായ അവബോധം സൃഷ്ടിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സിനിമാ സെറ്റുകളിൽ ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റി ഉൾപ്പെടെ സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ചിട്ടുണ്ട്. ബോധവൽക്കരണത്തിനായി കെ.എസ്.എഫ്.ഡി.സി., കേരള ചലച്ചിത്ര അക്കാദമി എന്നീ സ്ഥാപനങ്ങൾ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് നിയമനിർമ്മാണത്തിന്റെ സാധ്യതയും സർക്കാർ പരിഗണിച്ച് വരികയാണ്. സമഗ്രമായ ഒരു സിനിമാ നയം രൂപീകരിക്കുന്നതിനുവേണ്ടി ശ്രീ. ഷാജി എൻ. കരുൺ ചെയർമാനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി സിനിമാ മേഖലയിലെ വിവിധ പ്രതിനിധികളുമായി ജനാധിപത്യപരമായി ചർച്ച ചെയ്തു വരികയാണ്. സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികൾ അനുബന്ധം - 2 ൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# Summary Of Recommendations Of Justice K.Hema Committee

| **Recommendations** |
|---|
| Introduction of adequate Written Contract in Cinema |
| Enactment of Kerala Cine Employers and Employees (Regulation) Act 2020 |
| Introduction of Penalty on defaults |
| **Provisions to Prohibit illegal, offending acts** |
| No person shall be called for audition through Social Media or any other mode, unless he registers as a producer before an appropriate authority. |
| No person shall create nuisance to any women through social media |
| No person shall harass women in cinema directly or indirectly through fan club / social media / any other mode |
| No producer shall refuse to execute agreement if the employee insists |
| No person shall commit any act to prohibit any other person working in cinema |
| No producer shall deny any basic facilities to any women in cinema. |
| No producer shall provide unsafe and insecure accomodation or transport to a women in cinema |
| No producer shall engage drivers with criminal background |
| No person shall make vulger or double meaning comment to any women |
| No producer shall deny minimum remuneration to Assistant directors |
| Need for written contract |
| Mandatory, basic online training in gender equality |
| Non Consumption of alcohol and drugs in work place |
| Equal remuneration |
| Daily bata to all including Associate / Associate Directors |
| Inclusion of female perspective as well in scripts |
| An effective authority for redressal of grievances |
| Safety and Security |
| Designating hairstylists as Chief Technicians |
| Comprehensive Film Policy |
| Budgetory support for incentive to movies of women |
| Single window system for sanctioning loan |
| More theatres – two or more theatre in a Taluk |
| Award for best movie by a women producer |
| Judicial Tribunal |
| Written Contract |

| |
|---|
| Training to women |
| Internship at Chithranjali |
| Seats should be reserved for women in film study centres |
| Women film technician – more opportunities |
| Digital platform of women technicians should be formed |
| Welfare fund for granting leave on delivery etc. to women |
| Ban of bad protrayal of women |
| Enhancing the visibility of women and girls on screen |
| Characterisation of women occupying positions of power in cinema |
| Gender Awareness Training Programmes |
| Redefining masculinity and femininity |
| Certification of gender justice |
| Theater facilities to exhibit women oriented movies. |

## അനുബന്ധം – 2

1. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണത്തിനാവശ്യമായ പദ്ധതികളും പരിപാടികളും തയ്യാറാക്കി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കും കേരള സ്റ്റേറ്റ് ചലച്ചിത്ര വികസന കോർപ്പറേഷനും നിർദ്ദേശം നൽകി.
2. ഒരു സാമൂഹിക വിദ്യാഭ്യാസ പ്രക്രിയ എന്ന നിലയിൽ ലിംഗസമത്വം / ലിംഗ നീതി വിഷയത്തിൽ ബോധവൽക്കരണ പരിപാടികൾ ഓൺലൈനായും അല്ലാതെയും സംഘടിപ്പിക്കണമെന്ന് ചലച്ചിത്ര അക്കാദമിക്കും ചലച്ചിത്ര വികസന കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്.
3. സ്ത്രീ വിരുദ്ധ വിഷയങ്ങൾ സിനിമകളിൽ കടന്നു കൂടുന്നതിനെതിരെ സെൻസർ ബോർഡും മറ്റ് സ്ഥാപനങ്ങളും ജാഗ്രത പുലർത്തി വരുന്നുണ്ട്. സർക്കാർ പങ്കാളിത്തത്തോടെ നിർമ്മിക്കപ്പെടുന്ന സിനിമകളിൽ സ്ത്രീപക്ഷ പുരോഗമന വീക്ഷണങ്ങൾ ഉൾക്കൊള്ളിക്കുന്ന കാര്യം ശ്രദ്ധിക്കുന്നുണ്ട്.
4. 15.07.2023 ലെ സ.ഉ.(സാധാ.)നം. 357/2023/സാം.കാ.വ. ഉത്തരവ് പ്രകാരം സിനിമാ നയം രൂപീകരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി ശ്രീ. ഷാജി എൻ. കരുൺ ചെയർമാനായ ഒരു  കമ്മിറ്റിയെ നിയോഗിക്കുകയും ജസ്റ്റിസ്സ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കൂടി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ കരട് സിനിമാ നയത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 30.09.2024 ലെ സ.ഉ.(സാധാ.)നം. 567/2024/സാം.കാ.വ. ഉത്തരവ് പ്രകാരം 7 അംഗ കമ്മിറ്റിയായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ടി കമ്മിറ്റി സിനിമാരംഗത്തെ എല്ലാ മേഖലകളുടേയും പ്രതിനിധികളുമായി ചർച്ച നടത്തി വരുന്നു.
5. തിരഞ്ഞെടുക്കപ്പെടുന്ന വനിതകൾക്ക് സിനിമകൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. മുഖാന്തിരം ധനസഹായം നൽകുന്ന പദ്ധതിക്കായി വർഷം 3 കോടി രൂപ വീതം വകയിരുത്തുന്നു. പ്രസ്തുത പദ്ധതി പ്രകാരം നിരവധി സിനിമ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ 4 സിനിമകൾ ഇതിനകം തന്നെ റിലീസ് ചെയ്തിട്ടുണ്ട്. കൂടുതൽ സിനിമകൾ റിലീസിന് തയ്യാറായി വരുന്നു. ഈ പദ്ധതി പ്രകാരം നിഷിദ്ധോ, ഡൈവോഴ്സ്, ബി32 മുതൽ 44 വരെ, നിള എന്നീ ചിത്രങ്ങൾ വനിതാ നവാഗത സംവിധായകരുടേതായി റിലീസ് ചെയ്തിട്ടുണ്ട്. ഇത്തരത്തിലൊരു പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യത്തേതാണ്. ഇന്ത്യയിലാദ്യമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നവാഗത  സംവിധായകരുടെ സിനിമകൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം "ചുരുൾ" എന്ന സിനിമ 30.08.2024 ന് റിലീസ് ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ ആവശ്യത്തിനനുസരിച്ച് കൂടുതൽ ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കുന്നതാണ്.
6. സിനിമയുടെ ഏതെങ്കിലും മേഖലയിൽ മികവ് പുലർത്തുന്ന സ്ത്രീ, ട്രാൻസ്ജെൻഡർ

വിഭാഗങ്ങൾക്കായി പ്രത്യേക അവാർഡ് സംസ്ഥാന ചലച്ചിത്ര അവാർഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗായിക ശ്രീമതി നാഞ്ചിയമ്മ, സംവിധായിക ശ്രീമതി ശ്രുതി ശരണ്യം എന്നിവർക്ക് ഈ വിഭാഗത്തിൽ അവാർഡ് ലഭിക്കുകയുണ്ടായി.

7. സിനിമയുടെ സാങ്കേതിക രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി പ്രൊഡക്ഷൻ മാനേജ്മെന്റ്, ക്യാമറ ആന്റ് ലൈറ്റിംഗ്, ആർട്ട് ഡിസൈൻ, കോസ്റ്റ്യൂം, മേക്കപ്പ്, പോസ്റ്റ് പ്രൊഡക്ഷൻ സൂപ്പർ വിഷൻ, മാർക്കറ്റിംഗ് & പബ്ലിസിറ്റി എന്നീ വിഭാഗങ്ങളിൽ തൊഴിൽ പരിശീലന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി വഴി ആരംഭിച്ചിട്ടുണ്ട്. പരിശീലനത്തിനുശേഷം പ്രൊഫഷണൽ ഫിലിം പ്രൊഡക്ഷൻ കമ്പനികളിൽ തൊഴിലവസരത്തിന് വഴിയൊരുക്കുന്നതാണ്.
8. സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് നിലവിൽ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടുതൽ ക്ഷേമപദ്ധതികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.
9. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെയും മറ്റും തിരക്കഥാ ക്യാമ്പുകളിലും സിനിമാ പഠന പദ്ധതികളിലും സ്ത്രീയുടെ ഔന്നത്യം ഉറപ്പുവരുത്തുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കെ.എസ്.എഫ്.ഡി.സി. യുടെ നേതൃത്വത്തിൽ നടത്തിവരുന്ന വനിതാ സിനിമാ നിർമ്മാണ പദ്ധതിയിൽ സിനിമകൾ തെരഞ്ഞെടുക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ട്.
10. സിനിമാ മേഖലയിൽ നിയമപ്രകാരമുള്ള ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സിനിമാ ലൊക്കേഷനുകളിൽ ഐ.സി.സി. നിർബന്ധമാക്കിയിട്ടുണ്ട്.
11. സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. യുടെ തിയേറ്ററുകളിൽ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് കെ.എസ്.എഫ്.ഡി.സി. യുടെ ഉൾപ്പെടെ കൂടുതൽ തീയേറ്ററുകൾ സ്ഥാപിക്കുമ്പോൾ സ്ത്രീകളുടെ സിനിമകൾ പ്രദർശിപ്പിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. കായംകുളം, വൈക്കം, അളഗപ്പ നഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തിയേറ്ററുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു.
12. സിനിമയിൽ ഭാഗഭാക്കാകുന്ന കലാകാരന്മാർ, സാങ്കേതിക വിദഗ്ധർ, ജൂനിയർ ആർട്ടിസ്റ്റുകൾ, തൊഴിലാളികൾ എന്നിവർ വേതനം, തൊഴിൽ ദിനങ്ങൾ/സമയം, അവധി തുടങ്ങി എല്ലാ കാര്യങ്ങളെക്കുറിച്ചും വ്യക്തമായ വ്യവസ്ഥകളടങ്ങിയ രേഖാമൂലമുള്ള കരാർ സിനിമാ നിർമ്മാണ സ്ഥാപനം/നിർമ്മാതാവുമായി ഉറപ്പുവരുത്തണമെന്ന് വിവിധ സിനിമാ സംഘടനകൾക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.
13. വനിതകൾക്ക് സിനിമാ മേഖലയിലും സിനിമാ സംബന്ധമായ സ്ഥാപനങ്ങളിലും കൂടുതൽ പ്രാതിനിധ്യവും അവസരവും ഉറപ്പാക്കുന്ന തരത്തിൽ ഭരണപരമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.
14. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെയും

അനുബന്ധങ്ങളുടെയും പകർപ്പുകൾ സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന് (എസ്.ഐ.ടി.) സർക്കാർ കൈമാറിയിരുന്നു. എസ്.ഐ.ടി.യുടെ അന്വേഷണ റിപ്പോർട്ട് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**15.** ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണത്തിന്റെ സാധ്യതയും സർക്കാർ പരിശോധിച്ചു വരികയാണ്.